# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### പ്രധാൻമന്ത്രി ആവാസ് യോജന

26-06-2019

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4825

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എസ്.രാജേന്ദ്രൻ<br>ശ്രീ.വി.അബ്ദുറഹിമാൻ<br>ശ്രീ.എം. നൗഷാദ്<br>ശ്രീമതി.യു.പ്രതിഭ | | ശ്രീ. എ. സി. മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമീണ മേഖലയിൽ പാർപ്പിട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി സംസ്ഥാനത്ത് പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായുള്ള കേന്ദ്ര സംസ്ഥാന വിഹിതം എത്രയാണെന്ന് അറിയിക്കാമോ; | (ബി) | കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റ് 1.20 ലക്ഷം രൂപയാണ്. ഈ തുക കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ അനുവദിക്കുന്നു. കേന്ദ്ര വിഹിതം 72,000/-രൂപ, സംസ്ഥാന വിഹിതം 48,000/-രൂപ. |
| (സി) | സംസ്ഥാന സർക്കാർ ഈ പദ്ധതി പ്രകാരമുള്ള ധനസഹായം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | സംസ്ഥാന സർക്കാർ പി.എം.എ.വൈ.(ജി) പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് 4 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ഥാന വിഹിതമായി ലഭിക്കുന്ന 1.20 ലക്ഷം രൂപ കിഴിച്ചുള്ള തുക ഗ്രാമ/ബ്ലോക്ക്/ജില്ല പഞ്ചായത്തുകൾ 25:40:35 എന്ന അനുപാതത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിക്കുന്നു. |
| (ഡി) | ഓരോ വീടിനുമുള്ള ധനസഹായത്തിന് പുറമേ ഗുണഭോക്താക്കൾക്ക് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ അവിദഗ്ധ തൊഴിൽ നൽകുന്നുണ്ടോ; | (ഡി) | പി.എം.എ.വൈ.(ജി)യിൽ നിർമ്മിക്കുന്ന വീടുകൾക്ക് 90 ദിവസത്തെ അവിദഗ്ധ തൊഴിൽ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | പി.എം.എ.വൈ.,(ജി) ഭവന പദ്ധതിയെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം ആനുകൂല്യങ്ങളാണ് സംസ്ഥാന സർക്കാർ നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ? | (ഇ) | പി.എം.എ.വൈ.(ജി)യുടെ യൂണിറ്റ് കോസ്റ്റ് കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്നത് 1.20 ലക്ഷം രൂപയാണ്. എന്നാൽ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫിന്റെ ഭാഗമായി പി.എം.എ.വൈ.(ജി) വീടുകളുടെയും യൂണിറ്റ് കോസ്റ്റ് 4 ലക്ഷം രൂപയായും, എസ്.ടി.സങ്കേതങ്ങളിൽ 6 ലക്ഷം രൂപയായും വർദ്ധിപ്പിച്ച് നൽകുന്നു. കേന്ദ്രവിഹിതമായ 1.20 ലക്ഷം രൂപ കിഴിച്ചുള്ള ബാക്കി തുക ത്രിതല പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിക്കുന്നു. |

**സെക്ഷൻ ഓഫീസർ**